**എറണാകുളം , വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ നടപടി ഉത്തരവ്**

**(സാന്നിധ്യം. ഹണി ജി അലക്സാണ്ടർ )**

വിഷയം:- പൊതു വിദ്യാഭ്യാസം - ജീവനകാര്യം - അധ്യാപകരുടെ അന്തർജില്ലാ സ്ഥലമാറ്റവും നിയമനവും - 2024-25-എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ് ) - അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു :-

പരാമർശം:-
1 ) പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 26.11.2024 തിയതിയിലെ DGE /24296/ 2024/ A1 നമ്പർ സർക്കുലർ .
2 ) പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 27.12.2024 തിയതിയിലെ DGE /20836/ 2024/ A1 നമ്പർ സർക്കുലർ .
3) സ.ഉ ( അച്ചടി ) നം. 36/1991/ ഉ.ഭവ തിയതി 02.12.1991
4) സ.ഉ ( അച്ചടി ) നം. 120/1999/ പൊവി.വ തിയതി 23.05.1999
5) സ.ഉ ( അച്ചടി ) നം. 42/2012/ ഉ.ഭവ തിയതി 23.08.2012
6) അധ്യാപകരുടെ അന്തർ ജില്ല സ്ഥലമാറ്റത്തിനുള്ള ഓൺലൈൻ അപേക്ഷകൾ .
7 ) പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 27.03.2025 തിയതിയിലെ DGE /20836/ 2024/ A1 നമ്പർ കത്ത്.

**ഉത്തരവ് നമ്പർ : DDEEKM/ 10232/ 2024/ A1 (2) , തീയതി : 29-03-2025**

എറണാകുളം റവന്യൂ ജില്ലയിലെ സർക്കാർ സ്കൂളുകളിലേയ്ക്കുള്ള അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലമാറ്റത്തിനായി ലഭിച്ച അപേക്ഷകളിൽ നിന്നും അപേക്ഷകരുടെ സീനിയോരിറ്റി പരിഗണിച്ച് ചുവടെ രേഖപ്പെടുത്തിയിരിക്കുന്ന അദ്ധ്യാപികയെ ടിയാന്റെ പേരിനോടൊപ്പം ചേർത്തിരിക്കുന്ന സ്കൂളിൽ സ്ഥലമാറ്റം നൽകി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

അന്തർജില്ലാ സ്ഥലമാറ്റം ലഭിച്ചിരിക്കുന്ന ചുവടെ സൂചിപ്പിച്ചിരിക്കുന്ന അധ്യാപികയുടെ സർവിസ് സീനിയോരിറ്റി എറണാകുളം ജില്ലയിൽ പ്രവേശിക്കുന്ന തിയതി മുതൽ മാത്രമേ കണക്കാക്കുകയുള്ളൂ. എറണാകുളം ജില്ലയിൽ പ്രവേശിക്കുന്ന ദിവസം ടി അദ്ധ്യാപിക ഈ ജില്ലയിലെ നിയമനം ലഭിക്കുന്ന തസ്തികയിലെ ഏറ്റവും ജൂനിയർ ആയിരിക്കും. ജില്ലാന്തര സ്ഥലമാറ്റം ലഭിച്ച അധ്യാപികയെ വിടുതൽ ചെയ്യുന്നതിന് മുൻപ് മേൽ സൂചിപ്പിച്ച വിവരം സാക്ഷ്യപ്പെടുത്തിയ സത്യപ്രസ്താവന ആഫിസ് മേധാവി മേലൊപ്പ് ചാർത്തി സേവനപുസ്തകത്തിൽ പതിപ്പിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.

അന്തർജില്ലാ സ്ഥലമാറ്റം ലഭിച്ച അദ്ധ്യാപിക ഈ ഉത്തരവ് കൈപ്പറ്റി 2025 ഏപ്രിൽ 30-നകം ജോലിയിൽ പ്രവേശിക്കേണ്ടതാണ്. അല്ലാത്തപക്ഷം ടി സ്ഥലമാറ്റ ഉത്തരവ് യാതൊരു മുന്നറിയിപ്പുമില്ലാതെ റദ്ദ ചെയ്യുന്നതായിരിക്കും .ടി അധ്യാപികയെ വിടുതൽ ചെയ്യുന്ന തിയതിയും

ജോലിയിൽ പ്രവേശിക്കുന്ന തിയതിയും ഈ ആഫീസിൽ യഥാസമയം അറിയിക്കേണ്ടതാണ്. സ്ഥലമാറ്റം നിരസിക്കുകയാണെങ്കിൽ പ്രസ്തുത വിവരം ഉചിത മാർഗേന ഈ ആഫീസിൽ അറിയിക്കേണ്ടതാണ്. തെറ്റായ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് ജില്ലാന്തര സ്ഥലമാറ്റമെന്ന് ബോധ്യപ്പെട്ടാൽ ഈ ഉത്തരവ് പുന:പരിശോധനയ്ക്ക് വിധേയമാക്കുന്നതായിരിക്കും . മേൽ സൂചന (5) സർക്കാർ ഉത്തരവ് പ്രകാരം അന്തർജില്ലാ സ്ഥലമാറ്റം ലഭിക്കുന്ന അദ്ധ്യാപിക ഈ ജില്ലയിൽ പുതുതായി നീരീക്ഷണ കാലയളവ് പൂർത്തികരിക്കേണ്ടതാണ്.

| ക്രമ നമ്പർ | അധ്യാപകൻ/ അധ്യാപികയുടെ പേര് | തസ്തിക | നിലവിൽ ജോലി ചെയ്യുന്ന സ്കൂൾ & ജില്ല | സ്ഥലമാറ്റം അനുവദിക്കുന്ന സ്കൂൾ | മറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | BEENA.K.A | HST ( PHYSICAL SCIENCE ) | TECHNICAL HIGH SCHOOL, ADIMALI, IDUKKI | GVHSS PALLARIMANGALAM | GENERAL |

Signed by
Honey G Alexander
Date: 29-03-2025 10:50:40

വിദ്യാഭ്യാസ ഉപ ഡയറക്ടർ
എറണാകുളം

സ്വീകർത്താവ് :

1 ) ശ്രീമതി: ബീന.കെ.എ. , HST ( ഫിസിക്കൽ സയൻസ് )
2) പ്രധാനാധ്യാപകൻ , ഗവ ടെക്നിക്കൽ HS, അടിമാലി, ഇടുക്കി.
3 ) വിദ്യാഭ്യാസ ഉപ ഡയറക്ടർ, ഇടുക്കി.